**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 991** **06-02-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവി ആക്രമണം നേരിടുന്നതിനായി പ്രത്യേക പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എന്നാണ് പദ്ധതി രേഖ തയ്യാറാക്കിയതെന്നും അതുപ്രകാരം നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് അടുത്ത 10 വർഷത്തേയ്ക്ക് ആവശ്യമായ 1150 കോടി രൂപയുടെ ഒരു ബൃഹദ് പദ്ധതി സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25.01.2021-ൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വേണ്ടി അഞ്ച് വർഷ കാലയളവിലേക്ക് 620 കോടിയുടെ ഒരു പദ്ധതി കേന്ദ്രഗവൺമെൻറിലേക്ക് സമർപ്പിക്കുന്നതിനായി സർക്കാരിന്റെ പരിഗണനയിലാണ് |
| (ബി) | ഡ്രോണുകൾ ഉപയോഗിച്ചും ഉപഗ്രഹ സംവിധാനത്തിലൂടെയും വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് ഏതൊക്കെ മേഖലകളിലാണ് ഈ പദ്ധതി നാളിതുവരെ നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ഡ്രോണുകൾ ഉപയോഗിച്ച് വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ടി 620 കോടിയുടെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മലയാറ്റൂർ ഡിവിഷൻ, സൗത്ത് വയനാട് ഡിവിഷൻ എന്നിവിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡ്രോണുകൾ ഉപയോഗിച്ച് നിരീക്ഷണം നടത്തിയിട്ടുണ്ട്. വനാന്തർഭാഗത്തുനിന്നും ജനവാസ മേഖലകളിലേക്ക് വന്യജീവികൾ കടക്കുന്നത് നിരീക്ഷിക്കുന്നതിന് ജി.പി.എസ്, ക്യാമറാ ട്രാപ്പ്, നിരീക്ഷണ ക്യാമറകൾ, ഡിജിറ്റൽ (സെൻസർ) വാൾ, എസ്.എം.എസ്. അലർട്ട് സിസ്റ്റം, റിയൽ ടൈം മോണിറ്ററിംഗ് സംവിധാനം എന്നീ സാങ്കേതിക വിദ്യകളും, ഉപയോഗപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ